"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ എ 1207/2023 ഹർജിയിൻമേലുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2322/2023/LSGD തീയതി,തിരുവനന്തപുരം, 24-11-2023

---

പരാമർശം:-

1. 06.03.2023 തീയതിയിലെ LSGD/PD/1224 - DED1 നമ്പർ ഉത്തരവ്
2. 22/03/2023 ലെ സ ഉ (കൈ) നം 79/2023/LSGD നമ്പർ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്
5. ശ്രീ രഞ്ജിത് ആർ സമർപ്പിച്ച 04.07.2023ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ2)
6. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ എ 1207/2023മേലുള്ള 05.07.2023ലെ അന്തിമ ഉത്തരവ്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023ലെ LSGD/PD/49783/2023-DEc1 നമ്പർ കത്ത്
8. 05.09.2023 ൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 5:○:○ം നമ്പർ തീരുമാനം

**ഉത്തരവ്**

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ രഞ്ജിത്. ആർ, ടിയാനെ ചെറിയനാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒഎ 1207/2023 നമ്പർ ഹർജിയിൻമേലുള്ള പരാമർശം(6) ഉത്തരവ് പ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാമർശം (5) പ്രകാരമുള്ള അനക്ഷർ എ2 അപ്പീൽ അപേക്ഷയിലെ ടിയാളുടെ വാദങ്ങളും സ്ഥലംമാറ്റം ബാധിക്കാൻ ഇടയുള്ളവരുടെ വാദങ്ങളും പരിശോധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച തിയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീ രഞ്ജിത് ആർ, സീനിയർ ക്ലർക്ക്, 12.12.2022 ൽ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും സ്ഥലംമാറ്റം അപേക്ഷ നൽകിയിട്ടില്ല എന്നും കരട് ലിസ്റ്റിൽ പേരില്ലാതിരുന്നതായും അന്തിമ സ്ഥലംമാറ്റ പട്ടികയിൽ മൂന്ന് വർഷം പൂർത്തിയായതായി കാണിച്ച് ചെറിയനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതുമാണെന്നും ആയതിനാൽ ഇത്തരത്തിലുള്ള സ്ഥലമാറ്റ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നതാണ് പരാമർശം (5) പ്രകാരമുള്ള അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ ഓൺലൈൻ പൊതുസ്ഥലംമാറ്റം 2023 മായി ബന്ധപ്പെട്ട് ജീവനക്കാരുടെ

ഇൻകമ്പൻസി വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു എന്നും, ഇൻകമ്പൻസി വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഇൻഫർമേഷൻ കേരള മിഷൻ മുഖേന ലഭ്യമാക്കിയിരുന്നു എന്നും, പരാമർശം (2) ഉത്തരവിൽ ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31- ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു എന്നും , ഒരു ഓഫീസിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേക്ക് മാത്രമേ അപേക്ഷ നൽകാത്തവരെ പരിഗണിക്കുകയുള്ളു എന്നും ഉത്തരവായിട്ടുള്ളതാണ് എന്ന് പരാമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ഇൻകമ്പൻസി വിവരങ്ങൾ പരിശോധിച്ചതിൽ 27/07/2018 മുതൽ ശ്രീരഞ്ജിത് ആർ, സീനിയർ ക്ലർക്ക് ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവരുന്നു എന്നും ടിയാൻ പൊതുസ്ഥലംമാറ്റത്തിന് 2023ന് അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും പ്രസ്തുത സാഹചര്യത്തിലാണ് 80 കി.മീ അകലെയുള്ള ചെറിയനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റപ്പെടാൻ സാഹചര്യമുണ്ടായത് എന്നും പൊതുസ്ഥലംമാറ്റം 2023 ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിർവാഹമുള്ളു എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപേക്ഷകൻ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി യഥാവിധി സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശം (5) പ്രകാരമുള്ള അപ്പീൽ അപേക്ഷ പരാമർശം (8) പ്രകാരം അപ്പീൽ കമ്മിറ്റി നിരസിക്കുകയും അപ്രകാരം കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകൻ ശ്രീ. രഞ്ജിത്ത്.ആർ 2023-ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി യഥാവിധി സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശം (5) പ്രകാരമുള്ള ടിയാളുടെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു. മേൽ പ്രകാരം പരാമർശം (6) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ.തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ ,കേരള, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
4..ശ്രീ.രഞ്ജിത് ആർ , സീനിയർ ക്ലർക്ക് , ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.201/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 24-11-2023 12:51:10
സെക്ഷൻ ഓഫീസർ